Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2018/1515-6(18) തീയതി: 13.12.2018

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് Full HD Webcam ലഭ്യമാക്കുന്നതിനും അതിന്റെ ഉപയോഗവും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : - 1. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.
2. കൈറ്റ് വൈസ് ചെയർമാന്റെ 19.01.2018-ലെ KITE/2018/1515-6(3) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് Full HD Webcam ലഭ്യമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. സ്കൂളിന്റെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് വെബ്ക്യാം ലഭ്യമാക്കുന്നത്. വീഡിയോ കോൺഫറൻസിംഗ്, വെബ് സ്ട്രീമിംഗ്, പ്രഗത്ഭരായ വ്യക്തികൾ/അധ്യാപകർ തുടങ്ങിയവരുമായുള്ള ഇന്ററാക്ടീവ് ക്ലാസുകൾ, കുട്ടികളും അധ്യാപകരും നടത്തുന്ന വിവിധ പരീക്ഷണ-നിരീക്ഷണങ്ങൾ പങ്കുവെയ്ക്കൽ, മൈക്രോസ്കോപ്പ് ഉപയോഗിച്ച് കാണാൻ കഴിയുന്ന ദൃശ്യങ്ങൾ പ്രൊജക്ട് ചെയ്യൽ, ഡോക്യുമെന്ററി ഫിലിം തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഇത് ഉപയോഗിക്കാവുന്നതാണ്. കൈറ്റ് ജില്ലാ ഓഫീസുകൾ മുഖേന സ്കൂളുകൾക്ക് ലഭ്യമാക്കുന്ന വെബ്ക്യാമിന്റെ ഉപയോഗവും പരിപാലനവും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഫുൾ എച്ച്.ഡി വെബ്ക്യാം (Model: Logitech - C925e) ആണ് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നത്. വെബ്ക്യാം ലഭ്യമാക്കുന്ന സ്കൂളുകളുടെ പട്ടിക കൈറ്റിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പ്രഥമാധ്യാപകർ കൈറ്റ് ജില്ലാ ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് വെബ്ക്യാം കൈപ്പറ്റി രസീത് നൽകേണ്ടതാണ്.

2. സ്കൂളുകൾക്ക് നൽകുന്ന വെബ്ക്യാമിന്റെ ഉപയോഗവും പരിപാലനവും സംബന്ധിച്ച പരിശീലനം കൈറ്റിന്റെ ജില്ലാ ഓഫീസ് മുഖേന നടത്തേണ്ടതാണ്.

3. ഓരോ സ്കൂളിനും ലഭിക്കുന്ന വെബ്ക്യാം വിതരണകേന്ദ്രത്തിൽനിന്നും കൊണ്ടുപോകുന്നതിനു മുൻപ് യാതൊരുവിധ ഫിസിക്കൽ ഡാമേജും ഇല്ലായെന്ന് സ്കൂൾ അധികൃതർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

4. സ്റ്റോക്ക് രജിസ്റ്ററിൽ വെബ്ക്യാമിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രഥമാധ്യപകൻ ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.

6. വെബ്ക്യാം സ്കൂളിന് പൊതുവായി നൽകുന്നതായതിനാൽ ഏത് ക്ലാസിലെ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ഇതിന്റെ ഉപയോഗം പ്രഥമാധ്യാപകർ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്.

7. സ്കൂളുകളിൽ ഫലപ്രദമായി വെബ്ക്യാം (ഐ.ടി ഉപകരണങ്ങൾ) ഉപയോഗിക്കാതിരിക്കുകയോ ദുരുപയോഗം ചെയ്യുകയോ ആണെങ്കിൽ സൂചന 2-ലെ വ്യവസ്ഥകൾ അനുസരിച്ച് കൈറ്റ്/വിദ്യാഭ്യാസ വകുപ്പ് ഇവ തിരികെ എടുക്കുന്നതാണ്.

8. സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന വെബ്ക്യാമിന് അഞ്ച് വർഷത്തെ ഓൺസൈറ്റ് വാറണ്ടിയുണ്ട്. അതിനാൽ ഉപകരണത്തിന് കേടുപാട് സംഭവിച്ചാൽ kite.kerala.gov.in/support എന്ന വെബ് സൈറ്റിൽ ഉടൻതന്നെ complaint രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിന് ഏതെങ്കിലും വിധത്തിൽ പ്രയാസം നേരിട്ടാൽ 1800 425 6200 എന്ന ടോൾഫ്രീ നമ്പരിൽ അറിയിച്ച് complaint രജിസ്റ്റർ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ അതത് സ്കൂളുകൾ സ്വീകരിക്കേണ്ടതാണ്. യഥാസമയം പരാതി രജിസ്റ്റർ ചെയ്യാതിരിക്കുന്നത് സ്കൂൾ അധികൃതരുടെ (പ്രഥമാധ്യാപകർ/സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർ) കൃത്യവിലോപമായി കണക്കാക്കുന്നതാണ്.

**കെ. അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
} അറിവിലേക്ക്

എല്ലാ ആർ.ഡി.ഡി./എ.ഡി. മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും } - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ